പുതുതായി മാർക്കറ്റിൽ ഇറക്കിയ സ്റ്റെയിൻ ഗാർഡ് ബെഡ്ഷീറ്റുകൾ കമ്പോളത്തിൽ വളരെ പ്രിയങ്കരം ആയിരുന്നു. പുതുമയുള്ള വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള ജക്കാർഡ് സംവിധാനത്തിനുപകരമായി കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ജക്കാർഡ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി)&(എഫ്) റിപ്പോർട്ട് ഹാൻടെക്സിന് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ഹാൻടെക്സ് സ്വീകരിച്ചുവരുന്നു.

എ.എസ്.വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റി

29 (3106) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, വടകര അസംബ്ലി മണ്ഡലങ്ങളിലെ ചോറോട് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത എ.എസ് വീവേഴ്സ് ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെട്ടിടവും ഇരുപത് തറികളും പൂർത്തീകരിച്ചു. 2000-മേയിൽ ഉൽപ്പാദനം തുടങ്ങുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ലഭിക്കുന്ന വായ്പകൾ

30 (3107) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന ലഭിക്കുന്ന വിവിധ ഇനം വായ്പകൾ ഏതെല്ലാം;

(ബി) 1999 ജനുവരിമുതൽ ഡിസംബർ വരെ എന്തുതുകയ്ക്കുള്ള വായ്പ അനുവദിച്ചു;

(സി) വായ്പ തുക സ്വയംതൊഴിൽ സ്ഥാപനം തുടങ്ങാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(ഡി) വായ്പ തുക മുഴുവൻ ഗഡുവും നൽകുന്നതിനു മുമ്പ് തന്നെ വായ്പതുക തിരിച്ചടക്കുന്ന വ്യവസ്ഥ നിർത്തലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോർപ്പറേഷൻ മുഖേന ലഭിക്കുന്ന വായ്പകൾ താഴെപറയുന്ന വയാണ്.

1) കോർപ്പറേഷന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾ വിദേശത്ത് തൊഴിൽ തേടി പോകുംപോൾ 25,000 രൂപ വായ്പ

2) പിന്നോക്ക വിഭാഗങ്ങളിൽപെട്ട ആർട്ടിസാൻസിന് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് മുതലായവ ആരംഭിക്കുന്നതിന് ദേശീയ പിന്നോക്ക ധനകാര്യകോർപ്പറേഷന്റെ ധനസഹായത്തോടെ പരമാവധി 1,42,500 രൂപ ഓരോ യൂണിറ്റിനും വായ്പ.

(ബി) ആകെ 80,47,000/- രൂപ വായ്പയായി അനുവദിച്ചു.

(സി) വായ്പകൾ ഘട്ടംഘട്ടമായിട്ടാണ് അനുവദിക്കുന്നത്. അതിൽ ആദ്യം മെഷിനറിയ്ക്കുള്ള വായ്പയാണ് അനുവദിക്കുന്നത്. പ്രസ്തുത തുക മെഷീനറി സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിനാണ് നൽകുന്നത്. മെഷീനറി സ്ഥാപിച്ചു എന്ന് ഉറപ്പുവരുത്തിയതിനുശേഷമേ പ്രവർത്തന മൂലധനം അനുവദിക്കാറുള്ളൂ.

(ഡി) ദേശീയ പിന്നോക്ക ധനകാര്യ കോർപ്പറേഷന്റെ നിബന്ധന പ്രകാരമാണ് വായ്പ അനുവദിക്കുന്നത്. വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടത് പ്രസ്തുത കോർപ്പറേഷനാണ്.

ആലപ്പുഴ സ്പിന്നിംഗ് മില്ലിലെ അഴിമതി

31 (3109)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തുള്ള ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിൽ 1982-1996 കാലഘട്ടത്തിൽ നടന്നതായി ആരോപിക്കപ്പെടുന്ന അഴിമതികളെപ്പറ്റിയുള്ള വിജിലൻസ് അന്വേഷണം പൂർത്തിയായോ? എങ്കിൽ റിപ്പോർട്ട് കിട്ടിയോ? ഇവിടെ നടന്നതായി പറയുന്ന അഴിമതികൾ പുറത്തുകൊണ്ടുവരുവാൻ റിപ്പോർട്ട് പര്യാപ്തമാണോ;

(ബി) ക്രമക്കേടുകൾക്കെതിരെ ആദ്യമായി വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് ഇട്ടത് എന്നാണ്;

(സി) എത്ര വിജിലൻസ് റിപ്പോർട്ടുകൾ ഇതിനകം സമർപ്പിച്ചു കഴിഞ്ഞു;

(ഡി) ഇപ്പോൾ നടക്കുന്ന വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത് എന്നാണ്;

(ഇ) പുതിയ വിജിലൻസ് അന്വേഷണം ഏർപ്പെടുത്താനുള്ള കാരണം എന്താണ്;

(എഫ്) പൊതു ഖജനാവിൽനിന്നും കോടിക്കണക്കിനുരൂപ ധൂർത്തടിച്ച് പ്രീ ഓപ്പറേറ്റീവ് എക്സ്പെൻസസ് അമിതമായി വരുത്തിവച്ച മില്ലിലെ അന്നത്തെ അധികാരികളുടെ യഥാർത്ഥകുറ്റങ്ങൾ വെളിയിൽകൊണ്ടുവരാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly